**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 503** **09-08-2023 - ൽ മറുപടിയ്ക്ക്**

**ക്ഷാമബത്ത കുടിശിക അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്; നിലവിൽ എത്ര ഗഡു കുടിശികയുണ്ട്; പ്രസ്തുത കുടിശിക എന്നത്തേയ്ക്ക് അനുവദിക്കാൻ സാധിക്കുമെന്നുള്ളതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 01.01.2021 മുതലുള്ള ക്ഷാമബത്ത കണക്കാക്കിയിട്ടില്ല. സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ അഖിലേന്ത്യ സർവീസ് ഉദ്യോഗസ്ഥർക്ക് എത്ര തവണ ക്ഷാമബത്ത വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | 26.04.2022-ലെ സ.ഉ.(പി) നം.47/2022/ധന, 02.11.2022-ലെ സ.ഉ.(പി) നം.134/2022/ധന, 10.05.2023-ലെ സ.ഉ.(പി) നം.47/2023/ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ അഖിലേന്ത്യ സർവീസ് ഉദ്യോഗസ്ഥർക്ക് മൂന്ന് തവണ ക്ഷാമബത്ത അനുവദിച്ചിട്ടുണ്ട്. |
| (സി) | സാമ്പത്തിക പ്രതിസന്ധിയുടെ പേര് പറഞ്ഞ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത നിഷേധിക്കുമ്പോൾ അഖിലേന്ത്യ സർവീസ് ഉദ്യോഗസ്ഥർക്ക് യഥാസമയം ക്ഷാമബത്ത അനുവദിക്കുന്നത് എന്ത് കൊണ്ടാണ് എന്ന് വിശദീകരിക്കുമോ? | (സി) | അഖിലേന്ത്യ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര സർക്കാർ ഡി.എ അനുവദിക്കുന്ന മുറയ്ക്ക് അത് ലഭിക്കാൻ അർഹതയുണ്ട്. സംസ്ഥാനത്തെ അഖിലേന്ത്യ സർവ്വീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന സർക്കാരിന്റെ ഉത്തരവ് ഇല്ലാതെ, കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിക്കുന്നത് അനുസരിച്ചാണ് ഡി.എ ലഭിച്ചുകൊണ്ടിരുന്നത്. ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് മേൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ